വർക്കല ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം

157 (1092) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് ഇപ്പോൾ എന്തെല്ലാം വികസന പരിപാടികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ടൂറിസ്റ്റ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിലെ കുളം വികസിപ്പിച്ചു മോടിപിടിപ്പിച്ച് സ്വിമ്മിംഗ്പൂൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന സുപ്രസിദ്ധ നാലുകെട്ട് മോടിപിടിപ്പിച്ചു വാസയോഗ്യമാക്കിത്തീർക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നടപടി വേഗം പൂർത്തിയാക്കുമോ ?

ഉത്തരം

(എ) വർക്കലയിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കേന്ദ്രം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വർക്കല ബീച്ചിലേക്കുള്ള റോഡ് വികസിപ്പിക്കാൻ വേണ്ട പദ്ധതി വർക്കല മുൻസിപ്പാലിറ്റിയുമായി ചേർന്ന് തയ്യാറാക്കുവാനും, ബീച്ചിൽ സഞ്ചാരികൾക്കായി ക്ലോക്ക്റൂം സൗകര്യവും ടോയ്ലെറ്റുകളും ബാത്ത്റൂമുകളും നിർമ്മിക്കുവാനും ഉദ്ദേശമുണ്ട്. ഇതിനാവശ്യമായ സ്ഥലം കണ്ടെത്താൻ മുൻസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) നാലുകെട്ടിന്റെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കോടൂറിസം

158 (1093) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിന്റെ കിഴക്കൻ മേഖലയായ പച്ചായാനം-ഗവി കേന്ദ്രീകരിച്ച് ഇക്കോടൂറിസം നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) തെന്മല ഇക്കോടൂറിസം പദ്ധതിയിൽ ഈ പ്രദേശവും ഉൾപ്പെടുത്തി ഈ പ്രദേശം വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) തെന്മല ഇക്കോടൂറിസം പദ്ധതി പൂർത്തിയാകുന്ന മുറക്ക് ഈ മേഖലയിലെ കൊച്ചു പമ്പ കേന്ദ്രീകരിച്ച് തെന്മല പദ്ധതിയുടെ ഉപകേന്ദ്രമായി ഇക്കോടൂറിസം വികസിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly